# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 670 — 08.08.2017 -ൽ മറുപടിക്ക്

## വിനോദസഞ്ചാര വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പ്രതിവർഷം 27,000 കോടിയോളം രൂപ പ്രത്യക്ഷ പരോക്ഷ മേഖലകളിലായി വരുമാനം നേടിത്തരുന്ന വിനോദ സഞ്ചാരമേഖലയിലെ ഗുണഫലം സാധാരണക്കാരായ പ്രദേശവാസികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധം ജനകീയമാക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; | എ) ഉണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷനും, ടൂറിസം സെന്ററുകളുടെ വികസനവും ഈ ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. |
| ബി) വിനോദ സഞ്ചാരമേഖലയിൽ പ്രാദേശിക സന്തുലിത വികസനം ഉറപ്പാക്കുന്ന വിധത്തിൽ വടക്കൻ ജില്ലകളിൽ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോ; | ബി) വടക്കൻമേഖലയിൽ പ്രത്യേകിച്ച് മലബാർ മേഖലയിലെ ജില്ലകളിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകി വരുന്നു. |
| സി) ടൂറിസം രംഗത്ത് രണ്ട് വർഷത്തിനുള്ളിൽ 80,000 തൊഴിൽ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ട് പ്രഖ്യാപിച്ച പദ്ധതികളിൽ പ്രധാനമായവ ഏതെല്ലാമാണ്; | സി) അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും, അഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിലൂടെ അടുത്ത 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുമെന്ന് |

കരുതുന്നു. ടൂറിസം രംഗത്ത് ഗ്രാമീണ മേഖലയുടെ വികസനത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായി ആരംഭിച്ചിട്ടുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിക്കുന്നത് വിപുലമായ തൊഴിൽ സാധ്യതയ്ക്ക് വഴിതെളിയ്ക്കും. ഗ്രീൻ കാർപ്പറ്റ് പദ്ധതി പ്രാദേശിക തലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോട് കൂടിയുള്ളതാണ്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയിലും വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യമേഖലയിലും വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്.

ഡി) വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ വികസനത്തോടൊപ്പം ശുചീകരണത്തിനും സുരക്ഷയ്ക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഡി) ഉണ്ട്. മാലിന്യ നിയന്ത്രണം, സംസ്കരണം മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്നതാണെങ്കിലും ടൂറിസം പ്രാധാന്യമുള്ള പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചും, വകുപ്പ് നേരിട്ടും സർക്കാരിതരസംഘടനകളുമായി ചേർന്നും മാലിന്യ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന കുടുംബശ്രീയുമായി ചേർന്ന് 86 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ 519-ൽപ്പരം ശുചീകരണ പ്രവർത്തകരെ വിന്യസിച്ച് സ്ഥിരമായി ശുചീകരണം നടത്തി വരുന്നു. കോവളം അന്താരാഷ്ട്രാ ടൂറിസം മേഖലയിലെ ശുചീകരണത്തിനായി എൻ.ജി.ഒ മുഖേന പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ 8 പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഡി.റ്റി.പി.സി മുഖാന്തിരം സർക്കാരിതര സംഘടനയെ ഉപയോഗപ്പെടുത്തി മാലിന്യ

നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും നടപ്പിലാക്കുന്നത്..

ചെറുതും ഇടത്തരത്തിലുള്ളതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത സംവിധാനം എന്ന നിലയിൽ ടൂറിസം ഡെസ്റ്റിനേഷൻ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സന്ദർശകരുടെ സുരക്ഷിതത്വമടക്കമുള്ള സംഗതികൾ ഈ സമിതികൾ വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ടൂറിസം പോലീസിന്റെ സാന്നിദ്ധ്യം വേണ്ടതായ ഡെസ്റ്റിനേഷനുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. സഞ്ചാരികൾക്കായുള്ള മുന്നറിയിപ്പ് ബോർഡുകൾ, ജാഗ്രതാ നിർദ്ദേശങ്ങൾ, സൈനേജുകൾ എന്നിവയും ടൂറിസം കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ